# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5755 03.11.2016 -ലെ മറുപടി

## കടലാക്രമണം തടയുവാൻ കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ്<br>" വി.എസ്.ശിവകുമാർ<br>" ഹൈബി ഈഡൻ | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ശക്തമായ കടലാക്രമണം തടയുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ;<br><br>(ബി) ഇതിനായി കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; വിവരിക്കുമോ; | (എ) യും (ബി) യും കേരളത്തിന്റെ കടൽത്തീരത്തിന്റെ പ്രത്യേകതയും കടലാക്രമണത്തിന്റെ സമയത്തെ തിരയുടെ - തീവ്രതയും കണക്കിലെടുത്ത് തീരസംരക്ഷണത്തിനായി IIT, Madras/ CWPRS((Central Water and Power Research Station) Pune യുടെ പഠന പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/ പുലിമുട്ടുകളാണ് നിർമ്മിച്ചു വരുന്നത്. ഫലപ്രദമായ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനായി അമ്പലപ്പുഴ കോമനയിൽ 100 മീറ്റർ നീളത്തിൽ Geo Textile Tube ഉപയോഗിച്ച് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ പല്ലനയിൽ 60 മീറ്റർ നീളത്തിൽ Flexi Tuff International Ltd. എന്ന സ്ഥാപനം പരീക്ഷണാടിസ്ഥാനത്തിൽ Soft Sea Wall നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ ഗുണദോഷങ്ങൾ വിലയിരുത്തി വരുന്നു. കഴിഞ്ഞ 5 വർഷ കാലയളവിൽ 12.037 കി.മീ പുതിയ കടൽ ഭിത്തിയും 28.756 കി. മീ. പുനരുദ്ധാരണവും 114 ഗ്രോയിനുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ IIT, Madras/CWPRS, Pune യുടെ പഠനം പൂർത്തിയായ പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കടൽഭിത്തി/ |

| | |
|---|---|
| | പുലിമുട്ടുകളുടെ നിർമ്മാണം നടത്തിവരുന്നു. |
| (സി) കടൽഭിത്തികളുടെ പുനർനിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) ഈ സാമ്പത്തികവർഷം കടൽ ഭിത്തികളുടെ പുനർനിർമ്മാണത്തിനായി 42 ലക്ഷം രൂപ plan head ലും 9.00 കോടി രൂപ Non plan head ലും വകയിരിത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ